DIGITAL MAGAZINE

# <u>*NATURE AGAPE*</u>

## LHSS.SOUTH ARYAD

35055

# INDEX

## Table of Contents


പൊൻ വസന്തം.....3

ഡിജിറ്റൽ ഇന്ത്യ.....4

ആര്യാട് ഗ്രാമപഞ്ചായത്ത്.....6

മായി അമ്മ.....13

നഷ്ടദുഃഖം.....24

THINGS I JUST CAN’T RECOGNISE.....25

A GIRL WHO NURTURED NATURE.....26

# പൊൻ വസന്തം

കണ്ണിമ കാത്തിരുന്നു ഞാൻ........

എന്നുവരും ആ പൊൻവസന്തം....

ആഞ്ഞിലി കൊമ്പിലിരുന്നു പാട്ടും........

കുയിലിൻ ഗാനവും വിരഹഗീതം.......

ഇനിയെന്നു വരും ആ വസന്തകാലം..........

ആഷാഢമെത്തിട്ടും..........ഉത്രാടത്തുമ്പികൾ വന്നതില്ലേ.........

ഓണത്തപ്പനെ എതിരേൽക്കാൻ.........

തുമ്പപ്പൂപോലെയും കുഞ്ഞി കൺ തുറന്നീല്ല.......

പാറിപ്പറന്നൊന്ന് നൃത്തം ചിവിട്ടിട്ട്..........

തേനൊന്ന് നുകരുവൻ..........

കാത്തിരിക്കുന്നു......... വർണ്ണ ശലഭങ്ങളും............

ഇനി എന്നു വരും ആ വസന്ത കാലം.........

ചാറ്റൽ മഴയുടെ നാദവും.....

ഒഴുകുന്ന പുഴയുടെ ഈണവുംഒഴുകുന്ന പുഴയുടെ ഈണവും........

തഴുകുന്ന തെന്നലിൽ താളവും.....

ചൊല്ലിടുന്നു.......എവിടെ......എവിടെ......എവിടെ.......

എൻ്റെ വസന്തകാലം.......

നിമിഷ വി എസ്

**+1 commerce**

ലേഖനം

# ഡിജിറ്റൽ ഇന്ത്യ

രാജ്യത്തെ സാങ്കേതികോപയോഗം മെച്ച പ്പെടുത്തുന്നതിനാണ് ഇന്ത്യാ ഗവൺമെന്റ് ഡിജി റ്റൽ ഇന്ത്യാ എന്ന പ്രചാരണപ്രവർത്തനം ആരംഭി ച്ചത്. വിപുലമായ ഓൺലൈൻ ശൃംഖലകളിലൂടെ ഗവൺമെന്റ്റിൻ്റെ സേവനങ്ങൾ ജനങ്ങൾക്ക് അനാ യാസമായി ലഭിക്കുന്നു എന്ന് ഉറപ്പാക്കാനാണ് ഈ കർമ്മ പദ്ധതി ആരംഭിച്ചത്. രാജ്യത്തെ ഇന്റർനെറ്റ് ശൃംഖലാ ബന്ധങ്ങൾ വർദ്ധിപ്പിക്കുന്ന തിനും ഡിജിറ്റൽ സാങ്കേതിക പരമായി ഇന്ത്യയെ ശക്തമാക്കുന്നതിനും വേണ്ടി രൂപകൽപന ചെയ്തി തിരിക്കുന്നതാണ് ഈ പദ്ധതി. ഇതിലൂടെ ഭാരത ത്തിൽ വസിക്കുന്ന ജനകോടികളിലേക്കെത്തി അവരുടെ ദൈനംദിന ജീവിതത്തിൽ ഈ സാങ്കേ തിക വിദ്യകൾ പ്രായോഗികമാക്കാൻ അവരെ പ്രോത്സാഹിപ്പിക്കുവാനാകുന്നു.ഭാരതത്തിന്റെ പ്രധാനമന്ത്രി നരേന്ദ്രമോദി 2015 ജൂലൈ 1 നാണ് ഡിജിറ്റൽ ഇന്ത്യ എന്ന പ്രചാ രണതന്ത്രം ആവിഷ്കരിച്ചത്. ടാറ്റ ഗ്രൂപ്പിന്റെ ചെയർമാൻ സൈറസ് മിസ്ത്രി, റിലൈൻസിന്റെ വലിയ തുടക്കമാണ് (ഡിജിറ്റൽ ഇന്ത്യാ കർമ്മപ ദ്ധതി) ഭാവിയിൽ കാര്യങ്ങൾ കൂടുതൽ കാര്യക്ഷ മവും ദ്രുതഗതിയിലുമാക്കുന്നതിന് വേണ്ടി വിവര ങ്ങളെ അക്കങ്ങളുടെ രൂപത്തിലാക്കി ലളിതമാക്കു കയാണ് ഡിജിറ്റൽ ഇന്ത്യയിലൂടെ ചെയ്യുന്നത്. ഇത് പേപ്പർ ജോലികളും മനുഷ്യപ്രവർത്തന ങ്ങളും കുറയ്ക്കുന്നതോടൊപ്പം സമയവും ലാഭി ക്കുന്നു. ഗവൺമെൻ്റും സ്വകാര്യമേഖലകളും തമ്മിലുള്ള ആന്തരിക ബന്ധം വർദ്ധിപ്പിക്കുവാൻ ഈ പദ്ധതി സഹായിക്കുന്നു. ധാരാളം ഗ്രാമങ്ങൾ

ദ്രുതഗതിയിലുള്ള നെറ്റ് വർക്കുകളുമായി കൂട്ടിയി ണക്കിയതിനാൽ പിന്നോക്ക മേഖലകൾ പൂർണ മായും വിപുലമായ ഡിജിറ്റൽ നിർമ്മിത പ്രദേശ ങ്ങളായി മാറും.

**ആർദ്രാ പ്രമോദ്**

**+2 science**

# ആര്യാട്

# ഗ്രാമപഞ്ചായത്ത്

## അടിസ്ഥാനവിവരങ്ങൾ.

**വിസ്തിർണ്ണം =6.8.7 ച.കി. മി**

**ജനസംഖ്യ =28091**

**കുടുബങ്ങൾ =7000**

**പുരുഷന്മാർ =13605**

**സ്ത്രീകൾ =14486**

**സ്ത്രീപുരുഷ =1035:1000**
**അനുപാതം**

**ബ്ലോക്ക് =ആര്യാട്**
**പഞ്ചായത്ത്**

**ജില്ല =ആലപ്പുഴ**
**പഞ്ചായത്ത്**

**വില്ലേജ് =കോമളപുരം**

**താലൂക്ക് =അമ്പലപ്പുഴ**

ഗ്രാമ =15 പഞ്ചായത്ത്

വാർഡ്

## സാംസ്ക്കാരിക പശ്ചാത്തലം

കടലും കായലും വയലും പറങ്കിമാവിൻ തൊപ്പും പൂത്തുലഞ്ഞ പുന്നക്കാട്ടുകളും അമ്പൽ കുളങ്ങളും സർപ്പക്കാവും കൈതക്കൂട്ടകളും വിവിധതരം പക്ഷിക്കൂട്ടങ്ങളുടെ മധുരസംഗീതം കൊണ്ട് നിറഞ്ഞതത്തായിരുന്ന നിറയെ കരപ്പാടങ്ങൾ നിലാമുഴുതു മറിക്കുവാൻ കാളയും കലപ്പയുമായി എത്തുന്ന ഉഴവന്റെ വീതം കഴിഞ്ഞാൽ പ്രാക്കളേ ഓടിക്കുന്ന ജോലി കുട്ടികൾക്ക് ആണ് പച്ചയുടുത്തപോലെ നേൽപ്പാടം ചെറിയ കാറ്റേറ്റ് അത് ഇളക്കിയാടുമ്പോഴുള്ള സ്വപ്നക്കാഴ്ച

## വിദ്യാഭ്യാസം

ആര്യാട് പഞ്ചായത്തിൽ രണ്ടു പൊതുവിദ്യാലയം ഉണ്ട് ലൂഥറൻ ഹൈസ്കൂളും V. V. S. D. L. P സ്കൂളും. ഇരുപതാം നൂറ്റാണ്ടിന്റെ ആദ്യ ദശകയിൽ V. V. S. D. L. സ്കൂൾ സ്ഥാപിച്ചു തുടർന്ന് ലൂഥറൻ സ്കൂളും ആരംഭിച്ചു.മതപ്രചാരണത്തിനെത്തിയ മിഷനറിയാരുടെ ആഭിമുഖ്യത്തിലാണ് ലൂഥറൻ സ്കൂൾ ആരംഭിച്ചത്.1976-ൽ ഇത് ഹൈസ്കൂൾ ആയി ഉയർത്തപ്പെട്ടു

ഈ രണ്ടു വിദ്യാലയങ്ങളും വിദ്യാഭ്യാസ രംഗത്ത് ഗുണകരമായ മാറ്റങ്ങൾ ഉണ്ടാക്കുന്നതിനായി ശ്രമിച്ചുകൊണ്ടിരിക്കുന്നു. കൂടാതെ ആര്യാട് പഞ്ചായത്തിൽ മൂന്ന് അൺ എയഡഡ് സ്കൂളുകളും പ്രവർത്തിക്കുന്നുണ്ട്.

കൃഷി അനുബന്ധ മേഖലകൾ .

കേരളത്തിന്റെ തീര സമതലത്തിൽപ്പെടുന്ന ഒരു പഞ്ചായത്താണ് ആര്യാട്. കോസ്റ്റൽ സാന്റീസോൺ എന്ന കാർഷിക കാലാവസ്ഥാ മേഖലയിലാണ് ആര്യാട് ഉൾപ്പെടുന്നത്. തിരസമതലത്തിപ്പെടുന്ന ആര്യാടിന്റെ 90% പ്രദേശവും മണൽമണ്ണ് പ്രദേശമാണ്. പഞ്ചായത്തിന്റെ 12,13 വാർഡുകൾ അറബികടലിനോട് ചേർന്നും 3,4 വാർഡുകൾ വേമ്പനാട്ടുകായലിനോട് ചേർന്നുമാണ് സ്ഥിതിചെയ്യുന്നത്. പഞ്ചായത്തിൽ പൊതുവേ മണൽമണാണ്ണ് കാണപ്പെടുന്നത്. കായലോരങ്ങളിലും കനാൽ തീരങ്ങളിലും .

പുഷ്പകൃഷി :- ആഡംബരപുഷ്പ വിളകളയാ ഓർക്കിഡ്, ആന്തറിയും എന്നിവയ്ക്ക് ദേശിയ അന്തർദേശിയ വിപണിയിൽ വൻസാധ്യതകളാണുള്ളത്. ഇവ വന്നിജ്യാടിസ്ഥാനത്തിൽ കൃഷി ചെയ്യുന്ന വഴി കൂടുതൽ വരുമാനം നേടാനും.

## <u>മത്സ്യ മേഖല</u>

മൂന്നു, നാലു വാർഡുകളായി 2 കീലോമിറ്ററാണ് കായൽത്തിരമായി പഞ്ചായത്തിനുള്ളത്. മറ്റവലിയ തൊട്ടകാളോ തടകങ്ങളോ പഞ്ചായത്തിനില്ല.350.400 പേരാണ് മത്സ്യ ബന്ധന കാക്കവരാൽ മേഖലയിൽ പണി എടുക്കുന്നത്. കുട്ടനാടൻ പാടാശേഖരങ്ങളിലും കിഴക്കൻ തൊട്ടങ്ങളിലും തളിക്കുന്ന അത്യന്തം മാരകമായ ടൺ കണക്കിനു കിടനാശിനികൾ ഒഴുകിയെത്തുന്നതും തണ്ണീർമുക്കം ബണ്ടും, വെമ്പനാട്ടുകായലിലെ മലിനികരണം അതിരൂക്ഷമാക്കി. കഴിഞ്ഞ കുറേ

വർഷമായി മത്സ്യ സമ്പത്തു കുറയുന്നതിനും, മത്സ്യരോഗങ്ങൾക്കും ഇതു കാരണമായി. ഇന്ന് കാരി, വരാൽ, മുഷി, എന്നി മത്സ്യ എന്നങ്ങൾ മത്സ്യ രോഗം മൂലം ചത്തോടുങ്ങിയിട്ടുണ്ട്. കായൽ ഞണ്ട്, ചെമ്മീൻ, കണമ്പ് തുടങ്ങിയമത്സ്യ ഇനങ്ങൾ വംശംനാശാഭിഷിണിയെ നേരിടുകയാണ്.

## പ്രധാന പ്രശ്നങ്ങൾ.

1.പഞ്ചായത്തിലെ മണ്ണിനു ഫലഭൂഷ്ടി കുറവാണ്.

2. പുതിയ തലമുറയ്ക്ക് കൃഷിയോട് . താല്പര്യമില്ലായ്മ.

3. നെൽപ്പാടങ്ങൾ കൂടുതൽ തരിശ് ഇടുന്നു.

4 .കടൽ ക്ഷോഭം കടലാക്രമണം.

5 .മത്സ്യസമ്പത്ത് അതിവേഗം ശോഷിക്കുന്നു.

6 .കയറ്റുമതിക്കാരുടേയും ചൂഷണം .

7.മാരക രോഗങ്ങളുടെ വർദ്ധനവ്.

8. ഉപഭോഗ വസ്തുക്കളോടുള്ള അമിതമായ ആഭിമുഖ്യം.

9 വാസയോഗ്യമായ വീട്, ശുദ്ധജലം, ശുചിത്വമുള്ള കക്കൂസ് എന്നിവയുടെ പോരായ്മ.

10. യുവജനങ്ങളുടെ തൊഴിലില്ലായ്മ..

ഈ കാര്യങ്ങളിൽ വേണ്ട രീതിയിൽ പരിഹാരങ്ങൾ കാണകയാണ് എങ്കിൽ ഇന്നു കാണുന്നതിന്റെ പതിൻ മടങ്ങു പുരോഗതി ഈ ആര്യാട്

ഗ്രാമത്തിന് ഉണ്ടാകും.എന്നതിൽ തർക്കമില്ല. "സ്വയം പര്യാപ്തമായ ഗ്രാമങ്ങൾ നമ്മുടെ സമ്പദ് ഘടനയുടേയും രാഷ്ട്രീയാധികാരത്തിനേയും കേന്ദ്ര സ്ഥാനം ആയിക്കണം'' എന്ന നമ്മുടെ രാഷ്ട്ര യിതാവിന്റെ ദർശന എന്തുകൊണ്ടും അന്വർത്ഥമായെനെ . വർദ്ധിച്ച പ്രതിശീർഷ ഉല്പാ ദനവും ...

## ആരോഗ്യ മേഖല – വെല്ലുവിളികൾ.

മരണനിരക്കിൽ കണ്ടുവരുന്ന കുറവിനോടൊപ്പം തന്നെ ഭാരിദ്ര്യവും സാമൂഹിക വികസനത്തിലെ പോരായ്മയും സൃഷ്ടിക്കുന്ന രോഗങ്ങളുടെ വർദ്ധനവ് ഒരു യാഥാർത്ഥ്യമാണ്. സാംക്രമിക രോഗങ്ങളായ ഹെപ്പറ്റിറ്റിസ് ,ക്ഷയം എന്നിവയോടൊപ്പം തന്നെ സാംക്രമികമല്ലാത്തതും ജീവിതശൈലിമാറ്റം സൃഷ്ടിക്കുന്നതുമായ രോഗങ്ങൾ അർബുദം ഹൃദയ സംബന്ധമായ രോഗങ്ങൾ , മുതലായവ ഏറിയ അളവിൽ കണ്ടുവരുന്നു. പ്രാഥമിക ജീവിത സൗകാര്യങ്ങളിൽ ഉണ്ടായ പുരോഗതി സാംക്രമിക രോഗങ്ങളയ ക്ഷയം തുടങ്ങിയവയെല പൂകരിച്ചെങ്കിലും ജപ്പാൻ ജ്വരം എലിപ്പനി തുടങ്ങിയ പുതിയ മാത്രരോഗങ്ങളുടെ വരവ് ആശങ്ക ഉണർത്തുന്ന വിധത്തിലാണ്. ചില പ്രത്യേക മേഖലകളിലാണ് ഈ രോഗം കണ്ടുവരുന്നത് ഇതിനെതിരെ നാം തീവ്ര യത്ന പരിപാടികൾ നടത്തേണ്ടതായിട്ടുണ്ട്. ആരോഗ്യരംഗം മെച്ചപ്പെടുത്തുന്നതിനായി ഒരു പ്രൈമറി ഹെൽത്ത് സെന്റർ ഒരു ഗവ: ആയുർവ്വേദ ആശുപത്രി, മാതൃകാ ശിശു സംരക്ഷണ കേന്ദ്രം പ്രകൃതിചികിത്സാ കേന്ദ്രം ഇവ പ്രവർത്തിക്കുന്നുണ്ട്.

# ടൂറിസവും വേമ്പനാട്ടുകായലും

**ടൂറിസത്തിന്റെ പേരിൽ കായലിൽ നടക്കുന്ന കടന്നാക്രമണങ്ങൾ കായലിനെ ആശ്രയിച്ച ജീവിക്കുന്ന നൂറുകണക്കിനു കുടുംബങ്ങളെ ഭീതിയിലാഴ്ത്തിയിട്ടുണ്ട് .ആലപ്പുഴ നിന്നും കുമരകത്തു നിന്നും 200 ഓളം ഔട്ട് ബോർഡ് എൻജിനുകൾ ഘടപ്പിച്ച ഹൗസ് ബോട്ടുകളും നൂറു കണക്കിനു Special ബോട്ടുകളും Speed ബോട്ടുകളും കായലിൽ തലങ്ങും വിലങ്ങും അതിവേഗ്യം സഞ്ചരിക്കുന്നതിണ് പ്രധാന പ്രതിസന്ധി . വലയിടുമ്പോൾ അതിവേഗം ഉള്ള ഇവയുടെ സഞ്ചാര 0 മത്സ്യം അകന്നു പോകുന്നതിനു കാരണംമാകുന്നു .ഇത്രുയധികം ഔട്ട് ബോർഡ് എൻജിനുകളിൽ നിന്നുള്ള എണ്ണയും, ബോട്ടുകൾക്കുള്ളിൽ നിന്നും പാത്തേയ്ക്കു തള്ളുന്ന പ്ലാസ്റ്റിക്കും മനുഷ്യ വിസർജ്യമടക്കമുള്ള മാലിന്യങ്ങളും കായലിനെ സർവ്വനാഗത്തിലേയ്ക്കത്തിക്കുന്ന ഇതോടൊപ്പം തന്നെ വേമ്പനാട്ടു കായൽ തീരത്തെ ലഭ്യമായ മുഴുവൻ വസ്തുക്കളും ടൂറിസം വ്യവസായികൾ വാങ്ങിക്കൂട്ടുക യാണ് ഇന് ആത്യന്തികമായ കായലിനെ ആശ്രയിച്ച ജീവിക്കുന്നവർ തീരത്തു നിന്നും ഒഴിപ്പിക്കപ്പെടുന്നതിനു ക്കരണമാകുന്നു.**

**ആശ്രയ രാജേഷ്**




**ABHINAV .S**

**8B**

# മായി അമ്മ

മായിഹഗ്രാമം . വളരെ മനോഹരമായ ഒരു ഗ്രാമം .പരിശുദ്ധമായ നദികളും പുഴകളും എവിടെ നോക്കിയാലും മരങ്ങളും ചെടികളും കൊച്ചുകൊച്ച് താഴ്വാരങ്ങളും . അവിടെയുള്ള ഗ്രാമവാസികൾ വളരെ സമാധാനത്തോടെ കഴിഞ്ഞു വരുന്നു.എന്നാൽ അവിടെ ഒരു കൊച്ചു ആലയം ഉണ്ട് .ആലയത്തിന്റെ പ്രത്യേകത എന്തെന്നാൽ അവിടെ ദൈവങ്ങളെയല്ല പ്രതിഷ്ഠിച്ചിരിക്കുന്നത് മറിച്ച് ഒരു സ്ത്രീയുടെ രൂപമാണ്.ഒരു സ്ത്രീ ചങ്ങലകളാൽ ബന്ധിക്കപ്പെട്ട കൈകളിൽ നിറയെ പനിനീർപ്പൂവുമായി നിൽക്കുന്ന ഒരു പ്രതിമ .

ഒരു ദിവസം ആ ഗ്രാമത്തിലുള്ള എല്ലാവരും ഒത്തുകൂടുകയാണ്.അതിൽ മുരുകേശൻ എന്ന ആളുടെ മകൻ(കാർത്തിക്)അവൻ നഗരത്തിൽ പഠനത്തിനായി പോയിരിക്കുകയാണ്.അയാളുടെ മകൻ ഇന്ന് ഗ്രാമത്തിലേക്ക് തിരിച്ചു വരും.അതിൻറെ ചർച്ചയിലാണ് എല്ലാവരും .ശരവണൻ(ഒരു ഗ്രാമവാസി) പറഞ്ഞു:-മുരുകേശാ ...നിൻറെ മകൻ ഇന്ന് വരികയല്ലേ . എപ്പോഴാ വരുന്നത് ?

മുരുകേശൻ :- അതെ അതെ നാലുമണിയോടുകൂടി അവനും കൂട്ടരും വരും.

ഉത്തമൻ(ഒരു ഗ്രാമവാസി):- അല്ല മുരുകേശാ നിന്റെ മകൻ ഗ്രാമം വിട്ട് പോയിട്ട് ഏകദേശം ഒരു രണ്ടുവർഷമെങ്കിലും ആയില്ലേ?

മുരുകേശൻ :- അതെ

അവരുടെ സംസാരം അങ്ങനെ നീണ്ടു പോയി.സമയം നാലു മണിയായി കാർത്തിക കൂട്ടുകാരും ഒരു കാറിൽ അവൻറെ വീട്ടിൽ വന്നിറങ്ങി.കാർത്തിക്കിനെ കണ്ടതും മുരുകേശനും അവന്റെ ഭാര്യക്കും സന്തോഷമടക്കാൻ കഴിഞ്ഞില്ല അവർ ഇരുവരും കാർത്തിക്കിനെ ഓടിച്ചെന്ന് കെട്ടിപ്പിടിച്ചു.അങ്ങനെ കാർത്തിക കൂട്ടുകാരും വീട്ടിലേക്ക് കയറി.അവർ വിശേഷങ്ങളൊക്കെ പറഞ്ഞു അങ്ങനെയിരുന്നു.

കുറെനാൾക്ക് ശേഷമാണ് കാർത്തിക് നാട് കാണുന്നത്.അവൻ കൂട്ടുകാരെ വിളിച്ചുകൊണ്ട് നാട് കാണാൻ പോയി.അവിടുത്തെ കാടുകളും പുഴകളും താഴ്വരകളും ഒക്കെ കൂട്ടുകാർക്ക് കാണിച്ചുകൊടുത്തു.കൂട്ടുകാർക്കൊക്കെ ആ ഗ്രാമം വളരെ ഇഷ്ടമായി.അങ്ങനെ അവർ നടക്കുമ്പോൾ ആണ് കാർത്തിക്കിന്റെ ഒരു കൂട്ടുകാരൻ വിവേക് അവനോട് ചോദിക്കുന്നത്.

വിവേക് :- എടാ കാർത്തികേ നിന്റെ നാടൊക്കെ കൊള്ളാം നല്ല ദൈവികമായ നാട് പോലെയുണ്ട്.

കാർത്തിക് :- അഹ് .അതുപോലെ തന്നെയാണ്.

വിവേക് :- പക്ഷേ ദൈവികമായ നാട്ടിൽ ഒരു ക്ഷേത്രവും പള്ളിയോ ഒന്നും തന്നെയില്ലല്ലോ?

ഗൗതം(മറ്റൊരു കൂട്ടുകാരൻ) :- അത് ശരിയാണ്.ഞാനും അത് തന്നെയാണ് ആലോചിക്കുന്നത് ഇതുവരെ യാത്ര ചെയ്തിട്ടും ഒരു ദേവാലയം പോലും കണ്ടില്ലല്ലോ?

കാർത്തിക്കിന്റെ കൂട്ടുകാർ അതിനെപ്പറ്റി അവനോട് കൂടുതലായി ചോദിക്കാൻ തുടങ്ങി.

കാർത്തിക് :-കൂട്ടുകാരെ നിങ്ങളുടെ ചോദ്യത്തിനുള്ള മറുപടിയിലേക്ക് ആണ് ഞാൻ നിങ്ങളെ ഇനി കൊണ്ടുപോകുന്നത്.

ഗൗതം :- അതെവിടെയാ ?

കാർത്തിക് :- വാ നമുക്ക് അവിടേക്ക് പോകാം .

അങ്ങനെ കാർത്തിക് അവരെ ഗ്രാമത്തിന്റെ കൃത്യം മധ്യ സ്ഥാനത്തേക്ക് കൊണ്ടു പോയി.അവർ അവിടെ കാണുന്നത് ഒരു കുഞ്ഞാലയമാണ്.മായമ്മയുടെ രൂപംകൊള്ളുന്ന ആ ആലയം .

വിവേക് :- ഇതാണോ നീ പറഞ്ഞ ആ മറുപടി ?

ഗൗതം :- ഇവിടെ എന്താ പ്രത്യേകത ?

കാർത്തിക് ആ ആലയത്തിന്റെ വാതിൽ തുറന്നു .അവരെ അകത്തേക്ക് കൊണ്ടുപോയി.അവരവിടെ കാണുന്നത് ഇരുകൈകളിലും പനിനീർ പൂവ് വഹിച്ചുകൊണ്ട് ചങ്ങലകളാൽ ബന്ധപ്പെട്ട കൈകളാൽ നിൽക്കുന്ന ഒരു സ്ത്രീയെയാണ്.

വിവേക് :- ആരാ ഇത് ?

ഗൗതം :- ഇതാണോ നിങ്ങളുടെ ദൈവം?

കാർത്തിക് :- ഇതാണ് മായി അമ്മ .

കൂട്ടുകാർ :- മായി അമ്മയോ?

അവൻ തുടർന്നു :- അതെ മായി അമ്മ .ഈ മായിക നഗരത്തിന്റെ ദൈവം. എനിക്ക് ഓർമ്മവച്ച നാൾ മുതൽ അച്ഛൻ എന്നോട്

പറഞ്ഞിട്ടുള്ളതാണ് മായി അമ്മയെ പറ്റി.ഈ ഗ്രാമത്തിലുള്ളവർ എല്ലാവരും ഒരുപോലെ കൈ കൂപ്പുന്ന ഇടം. മായി യമ്മയെ പറ്റി പറയുമ്പോൾ നിറകണ്ണുകളോടെ ആണ് ഈ ഗ്രാമവാസികൾ പറയുന്നത്. വർഷങ്ങൾക്കു മുമ്പ് ജീവിച്ചിരുന്ന ദൈവതുല്യമായ ഒരാളാണ് മായിയമ്മ എന്നാണ് എൻറെ അച്ഛൻ എന്നോട് പറഞ്ഞിട്ടുള്ളത്. പക്ഷേ ഇതൊക്കെ കേട്ടപ്പോൾ അവൻറെ കൂട്ടുകാർക്ക് ചിരി അടക്കാൻ കഴിഞ്ഞില്ല.അവർ ആ ഗ്രാമത്തെ കളിയാക്കാൻ തുടങ്ങി

വിവേക് :- വെറുമൊരു മനുഷ്യനെ ദൈവമാക്കുന്ന നാടാണല്ലോ കാർത്തിക് നിന്റേത് .....

ഗൗതം :- അതെയതെ ഇവനൊരു സ്ഥലത്തേക്ക് കൊണ്ടുപോകാം എന്ന് പറഞ്ഞപ്പോൾ ഇത്രയും മണ്ടത്തരമുള്ള കാര്യമാണെന്ന് ഞാൻ കരുതിയില്ല.

ഇവരുടെ ഈ സംസാരം കേട്ടുകൊണ്ട് ഒരു വൃദ്ധനായ ആൾ വരുന്നുണ്ടായിരുന്നു. അയാൾ അവരോട് പറഞ്ഞു :-മക്കളെ മായിയമ്മ പറ്റി അറിയാത്തതുകൊണ്ടാണ് നിങ്ങൾ ഇങ്ങനെയൊക്കെ പറയുന്നത്.

ഗൗതം :-അപ്പൂപ്പാ നിങ്ങളെപ്പോലുള്ള പഴയ ആൾക്കാരാണ് ഈ വിശ്വാസങ്ങളൊക്കെ ഉണ്ടാക്കുന്നത്.

വിവേക് :- അല്ല ഇത്രക്ക് മായി അമ്മയെ പുകഴ്ത്താൻ അവർ എന്ത് അത്ഭുതമാണ് ചെയ്തത് ?

അപ്പൂപ്പൻ :- മായി അമ്മയുടെ പ്രവർത്തികളിലൂടെ അല്ല നിങ്ങൾ അറിയേണ്ടത് അത് നേരിൽ കണ്ട് അനുഭവിച്ച തന്നെ

അറിയണം.അവളുടെ ശക്തി എന്താണെന്ന് അറിഞ്ഞേനിങ്ങളീ ഗ്രാമത്തിൽ നിന്ന് പോകു .

ഇത് പറഞ്ഞു അയാൾ അവിടെ നിന്നു പോയി.കാർത്തിക്കിന്റെ കൂട്ടുകാർ അവനോട് ചോദിച്ചു :-ആരാണ് ഇയാൾ ?ഈ മായമ്മയെ പറ്റി പറയുമ്പോൾ എന്തിനാണ് ഇയാൾ ഇത്ര വാചാലനാകുന്നത് ?

കാർത്തിക് :-അതാണ് നാളെ അപ്പൂപൻ ഈ ഗ്രാമത്തിലെ മൂത്ത ഒരു തലവന്റെ സ്ഥാനമാണ് ഇദ്ദേഹത്തിന് .മായി അമ്മയുടെ അത്ഭുതങ്ങൾ നേരിൽ കണ്ടവരിൽ ഒരാൾ മാത്രമാണ് ഇദ്ദേഹം.

ഗൗതം :- മ് ....... ഗ്രാമവാസികൾ അല്ലേ ഇങ്ങനെയൊക്കെ തന്നെയായിരിക്കും.

തന്റെ കൂട്ടുകാർ ഇങ്ങനെയൊക്കെ പറയുന്നത് കേട്ടപ്പോൾ കാർത്തിക്കിന്റെ മനസ്സിലും ചെറിയൊരു വിശ്വാസക്കുറവ് പോലെ വരാൻ തുടങ്ങി.

അങ്ങനെയിരിക്കെ ഒരു ദിവസം കാർത്തിക്കും കൂട്ടുകാരും ഗ്രാമത്തിലെക്കിറങ്ങി അപ്പോൾ കാർത്തിക്കിന്റെ അച്ഛനും അമ്മയും പിന്നെ മറ്റു ഗ്രാമവാസികളും മായിയമ്മയുടെ ആലയത്തിന് ചുറ്റും നിൽക്കുന്നു.

ഗൗതം :- അങ്കിൾ നിങ്ങൾക്കൊന്നും വേറെ പണിയില്ലേ ഈ മനുഷ്യനായ ഒരാളെ  വിശ്വസിക്കാൻ .

വിവേക് :- അതെ ഇങ്ങനെയുള്ള വിശ്വാസങ്ങൾ മാറേണ്ട സമയമായി.

അവർ ഇങ്ങനെ പറഞ്ഞുകൊണ്ടിരിക്കുമ്പോൾ ആണ് കാലാവസ്ഥ മാറാൻ തുടങ്ങിയത് മേഘങ്ങൾ ഇരുണ്ടു കൂടി .എന്നാൽ മഴ പെയ്യുന്നില്ല

മറിച്ച് നല്ല ശക്തമായ ഇടിയും മിന്നലും . എല്ലാവരും ഭയപ്പെട്ടുകൊണ്ട് പരസ്പരം നോക്കുന്നു.അപ്പോൾ നാളെ അപ്പൂപ്പൻ വന്നു എന്നിട്ട് അദ്ദേഹം പറഞ്ഞു :-മായി അമ്മയുടെ ശക്തി നിങ്ങൾ അറിയേണ്ട സമയമായിരിക്കുന്നു.പെട്ടെന്നായിരുന്നു ഒരു ശക്തമായി ഇടിമിന്നലിന്റെ ആഘാതത്തിൽ മായിഹ ഗ്രമത്തിലെ ഒരു വലിയ മലയ ഇടയാൻ തുടങ്ങുന്നത്.മലയുടെ ഉത്തമുകളിലുള്ള വലിയ പാറക്കൂട്ടങ്ങൾ താഴെക്കിടഞ്ഞുവീഴാൻ തുടങ്ങി.ജനങ്ങൾ ഭയന്നു ഓടാൻ തുടങ്ങി.കാർത്തിക്കും കൂട്ടുകാരും ഭയന്നു.അവരും ജീവനുവേണ്ടി ഓടാൻ തുടങ്ങി.എന്നാൽ നാളെ അപ്പൂപ്പൻ മാത്രം അവിടെ ഭയമില്ലാതെ ഇരിക്കുന്നു.

പെട്ടെന്ന് ഉരുണ്ടു വന്ന പാറക്കൂട്ടങ്ങളിൽ നിന്നു .അതിനുചുറ്റും ഒരു വലയം കൊള്ളുന്നു എല്ലാവരും സ്തംഭിച്ചു നിന്നു. ആ പാറക്കല്ലുകൾ പതുക്കെ പതുക്കെ ചെറിയ ചെറിയ പൊടിയായി മാഞ്ഞുപോയി.കാർത്തിക്കിനും അവന്റെ കൂട്ടുകാർക്കും ഇത് വിശ്വസിക്കാൻ കഴിഞ്ഞില്ല .എല്ലാവരും ഒരു നിമിഷം ശാന്തമായി നിന്നു . അവിടെ ചപനിനീർ പൂവിൻറെ ഒരു കെട്ട് കിടക്കുന്നു.ഇത് കണ്ടാ നാളി അപ്പൂപ്പൻ സംസാരിക്കാൻ തുടങ്ങി :- നിങ്ങൾ പുതിയ തലമുറയാണ് പഴയ കാര്യങ്ങളിൽ നിങ്ങൾക്ക് ഉൾക്കൊള്ളാൻ കഴിയണമെന്നില്ല.എന്നാൽ യഥാർത്ഥ ചരിത്രങ്ങൾ ഉൾക്കൊണ്ടേ മതിയാവൂ.നിങ്ങളുടെ ചോദ്യം സ്വാഭാവികമാണ് ആരാണ് ഈ മായി അമ്മ ? എന്തിനാണ് ഒരു മനുഷ്യനെ ആരാധിക്കുന്നതും വിശ്വസിക്കുന്നതും.ഞാൻ നിങ്ങളോട് പറഞ്ഞില്ലേ മായി അമ്മയുടെ അത്ഭുതം നിങ്ങൾ കണ്ടു അനുഭവിച്ചറിയുമെന്നു .

കാർത്തിക് :-എന്താണ് മുത്തശ്ശൻ നിങ്ങൾ ഈ പറയുന്നത് ?

നാളി അപ്പൂപ്പൻ ചിരിച്ചുകൊണ്ട് ഒരു ദീർഘശ്വാസം ഉള്ളിലേക്ക് എടുത്തു. എന്നിട്ട് മായി അമ്മയുടെ ആലയത്തിന്റെ ചുവട്ടിൽ ഇരുന്നു. എന്നിട്ട് അവരോട് പറയാൻ തുടങ്ങി :-

മായിഹ ഗ്രാമത്തിലെ ഒരു സാധാരണ ദിവസമായിരുന്നു അന്ന് .എല്ലാവരും അവരുടെ കാര്യങ്ങൾ തിരക്കിലായിരുന്നു.അപ്പോഴാണ് ചങ്ങലകളാൽ ബന്ധിക്കപ്പെട്ട കൈകളിൽ നിറയെ പനിനീർ പൂവുമായി ഒരു സ്ത്രീ മാമിനഗ്രാമത്തിലേക്ക് വരുന്നത്.മനോനില തെറ്റി അലഞ്ഞു നടക്കുന്ന ഒരു സ്ത്രീ എന്നെ കണ്ടവരൊക്കെ കരുതിയുള്ളൂ.അവൾ മായി ഹ ഗ്രാമത്തിന്റെ ഒത്ത നടുവിൽ വന്നിരുന്നു.കയ്യിൽ ആ പൂക്കളുമായി .ഗുരുകുലത്തിൽ നിന്ന് കുട്ടികൾ വരുന്ന സമയമായിരുന്നു അത്.അവളുടെ കയ്യിലെ പൂക്കൾ കണ്ട് കുട്ടികൾ അടുത്തേക്ക് ചെന്ന് പൂവിനായി കൈനീട്ടി അവൾ പൂവ് കൊടുക്കാൻ നേരം , കുട്ടികളുടെ മാതാപിതാക്കൾ അവളെ തട്ടിമാറ്റി എന്നിട്ട് പറഞ്ഞു :- ഇതുപോലുള്ള ഭ്രാന്തികളെ ഇവിടെ നിന്ന് മാറ്റണം. അവൾ എന്നാൽ അതിനൊന്നും പ്രതികരിച്ചില്ല. നാളുകൾ അവൾ ആ ഗ്രാമത്തിൽ കയ്യിൽ നിറയെ പനിനീർപ്പവുമായി നടന്നു എല്ലാവരും അവളെ അകറ്റുകയല്ലാതെ അടുപ്പിച്ചില്ല.

അങ്ങനെയിരിക്കെ ഒരു ദിവസം കുട്ടികൾ ഗുരുകുലത്തിൽ നിന്ന് വരുകയാണ്.അവർ കാട്ടിലെ ഒരു വഴിയെ കൂടിയാണ് വരുന്നത്.പെട്ടെന്ന് ഒരു കൂട്ടം ചെന്നായകൾ കുട്ടികളുടെ നേരെ വരുന്നു.മാതാപിതാക്കൾ അതിനെ ഓടിക്കാൻ ശ്രമിച്ചിട്ടും അവർക്ക്

അതിന് പറ്റുന്നില്ല.ചെന്നായകൾ കുട്ടികളുടെ കൂട്ടത്തിന് നേരെ തന്നെ വന്നു.ചെന്നായകൾകുട്ടികളെ ആക്രമിച്ച് വളരെ ക്രൂരമായി ശരീരത്തിലെ ഓരോ ഭാഗങ്ങളായി കടിച്ചുകയറി അവരുടെ അകത്തുള്ള അവയവങ്ങൾ ഓരോന്നായി പുറത്തുവന്നു. വളരെ ഭയാനകവും പൈശാചികവുമായ നിമിഷമായിരുന്നു അത്. പെട്ടെന്നാണ് അവൾ അങ്ങോട്ട് വന്നത്.എല്ലാവരും ഭ്രാന്തി എന്ന് മുദ്രകുത്തിയ അവളെ കണ്ടതും ചെന്നായകൾ ഓടിപ്പോയി.മാതാപിതാക്കൾ എന്ത് ചെയ്യണമെന്ന് അറിയില്ല തങ്ങളുടെ പ്രിയപ്പെട്ട കുഞ്ഞുങ്ങൾ വളരെ മൃഗ്യമായ രീതിയിൽ മരണപ്പെട്ടു കിടക്കുന്നു

അപ്പോഴാണ് അവൾ കുഞ്ഞുങ്ങളുടെ അടുത്തേക്ക് വന്നത്.എന്നിട്ട് ഓരോ കുഞ്ഞിന്റെയും മുറിഞ്ഞതും അകത്തുള്ള അവയവങ്ങളും ആയ ഭാഗങ്ങൾ ഒന്നിച്ച് വയ്ക്കാൻ തുടങ്ങി.ഇത് ചെയ്യുമ്പോൾ ചോരവിടെ തളംകെട്ടി നിൽക്കുകയായിരുന്നു.അങ്ങനെ ഓരോ കുഞ്ഞിനെയും അവൾ നിരത്തി കിടത്തി എന്നിട്ട് ചോരയിൽ പൊതിഞ്ഞ മുറിവേറ്റ ശരീരങ്ങളിലേക്ക് അവളുടെ കയ്യിലെ പനിനീർ പൂക്കൾ ഓരോന്നായി വെച്ചുകൊടുത്തു.അത്ഭുതമെന്നു പറയട്ടെ മാതാപിതാക്കൾക്ക് അവരുടെ കണ്ണുകളെ വിശ്വസിക്കാനായില്ല പെട്ടെന്ന് കുട്ടികൾ ഉണർന്നു അവർ മാതാപിതാക്കളുടെ അടുത്തേക്ക് ഓടിപ്പോയി.ഒരിക്കലും തിരിച്ച് കിട്ടില്ല എന്ന് വിചാരിച്ച് അവരുടെ കുഞ്ഞുങ്ങളെ അവർക്ക് തിരിച്ച് കിട്ടി.മയി ഹഗ്രാമത്തിന്റെ ജീവനും സന്തോഷവുമായ കുഞ്ഞുങ്ങളെ തിരിച്ചുതന്ന അവൾ ദൈവതുല്യമാണ്.മായി ഹഗ്രാമം വീണ്ടെടുത്ത മായിഹഗ്രാമത്തിന്റെ മായി അമ്മ .ആ ദിവസം മായി വിഗ്രാമത്തിലുള്ള

ആർക്കും തന്നെ മറക്കാൻ കഴിയുന്നതല്ല.ആ ദിവസത്തിനു ശേഷം ഞങ്ങൾ ആരും തന്നെ അവളെ കണ്ടിട്ടില്ല.ഞാൻ ഉൾപ്പെടെയുള്ള ഈ ഗ്രാമത്തിലെ എല്ലാവരും ഇതിന് സാക്ഷ്യം വഹിച്ചവരാണ്.ഇതാണ് മക്കളെ ഞാൻ പറഞ്ഞത് എല്ലാ മനുഷ്യരും ഒരുപോലെയല്ല ദൈവം ഭൂമിയിലേക്ക് അയച്ച ചിലരുണ്ട് അവരെ നിസ്സാരക്കാരായി അങ്ങനെ വിലയിരുത്താൻ നമുക്ക് കഴിയില്ല.

ആ പനിനീർ പൂവ് കയ്യിലെടുത്ത് നാളി അപ്പൂപ്പൻ പറഞ്ഞു :- ഇത് അവൾ എവിടെ ഇട്ടിട്ടു പോയതാണ്.ഇതുവരെ തെളിക്കപ്പെടാത്ത എന്തോ ഒരു ബന്ധം അവൾക്ക് ഈ ഗ്രാമവുമായി ഉണ്ട് .അവൾ ഈ ഗ്രാമത്തിന് ഒരു കോട്ടവും പറ്റാൻ സമ്മതിക്കില്ല.ഇനിയും പൈശാചിക ബന്ധനങ്ങളുടെ ആക്രമണം ഇവിടെ വരും നേരിടാൻ അവളും കാണും ഈ മായിഹഗ്രാമത്തിന്റെ മായി അമ്മ!

**ജീയ ജിജോ**

**9B**




GOWRI
PARVATHY .S

8C

# മഴ

നീ സ്നേഹത്തിന്റെ

പെയ്തൊഴിയാത്ത മഴയായിരുന്നു.......

നെഞ്ചിൽ ആർത്തിരമ്പിയ മഴ.......

വിരഹത്തിൻറെ പ്രളയത്തിലേക്ക് കൊതിച്ച മഴ

നൊമ്പരമഴുതിയ  മഴ.......

എത്ര നീ വേദന തന്നുവെന്നാലും

പ്രണയിച്ചു പോയില്ലേ നിന്നെ ഞാൻ മഴയെ .......

പ്രണയിച്ചിട്ടും ഞാൻ ഇനിയുള്ള കാലവും നിന്നെ

നിൻ മഴത്തുള്ളി  കിലുക്കമാണിപ്പഴും എൻ ഇടനെഞ്ചിൽ  ഹൃദയതാളം"

ലിൻഡ അഗസ്റ്റിൻ

**8:A**

# നഷ്ടദുഃഖം

സൗഹൃദപ്പാതയിൽ നാം ഒന്നു

ചേർന്നതെന്നെന്നെവിടെയെന്നോർമ്മയില്ല ,

ബാല്യത്തിലോടിക്കളിക്കുന്ന  കാലത്തേ

നീ എൻ്റെ നിഴലായിരുന്നുവല്ലോ.

പ്രാണനൊടുങ്ങി നി പോകുമീ യാത്രയിൽ

ഞാനേകയായിതാ  മൂകയായി

നെഞ്ചകം വിങ്ങുന്ന വേവലോടെ

'ആരായിരുന്നു നീ' എന്ന ചോദ്യത്തിന്

ആരോ ഒരാളായിരുന്നു പണ്ട്

കാലം നടന്നകന്നപ്പോൾ നീ

തെളിയിച്ചു ഞാനായരുന്നു നിൻ പ്രാണനെന്ന്.

രക്തങ്ങൾ തീർത്ത മുറിവുകൾക്കപ്പുറം

താങ്ങായി തണലായ നിന്ന നീ

പോകുമ്പോൾ ഞാനറിയുന്നു

എൻ നഷ്ടദുഃഖം.

ഫാത്തിമ ഫസൽ .

# THINGS I JUST CAN’T RECOGNISE

**I just can't recognise the words I hear,**

**The visuals my eyes just blink it out,**

**The thought of people scattered around me.**

**The world that including me just uttering to me.**

**It makes my brain puzzled. Mind freezed.**

**Breathe hauled.**

**Mistrey of world.**

**The thought I had has failed a wild,**

**The thinks I hear just struck my world.**

**Just can't know what I want to believe**

**just don't know the truth to keep in mind.**

**Still now the world is unbelievable,**

**Tomorrow ,today and yesterday is mystery,**

**All day changes one by one all my expectations.**

**Just don't know what I want to expect,**

**and just don't know what I'll receive**

**Wailing for the world of mystery.**

**Faces of different natures.**

**and, Voices of different cultures,**

**The life goes like a boat,**

**in the Sea of Dreams,**

**in all the way streams.**

**APARNA P.R**

**9B**



# A GIRL WHO NURTURED NATURE

**In a small city there was a 16 years old introvert girl, who loved nature more than anything else.she collected the paper cutting of every news article that she could find about nature . She had a scrape book where what was the cuttings where**

**pasted around with her on drawing and notes which helped her to and wanted to remember what was lost,and what was still left.she wanted to learn more about nature and how to protect it.She wanted to share her passion and knowledge with others and inspired them to care.**

**She was only 16 years old and she had a dream , wanted to be a naturalist,a scientist,an archaeologist, a conservationist,a writer,a teacher,a leader-to make a difference in the world and save nature from humans.But she was lonely,has no friends who shared her interests or value had no family who supported her goals or aspirations. She had no one who understood for love her for who she was. She felt like she did not belong anywhere, except in nature and she decided to blend with nature she packed her bag with essential and left a note saying. She took the scrapbook with her. She walked out of her house and into the wood and did not look back, worked for hours until she founded sport that felt right. A clearing surrounded by trees with a stream near by,place, where she could see the star at night and hear the bird in the morning, she said up at 10 and made a fire she drank some water. She opened hair scrapbook and locked at the paper cutting. She left a pang of sadness, mixed with anger. She tore out a paper and burn it. She watched it burn along with the word and images that told story of destructions and dispired. She felt surge of relief, mixed with Joy. She looked at the first fire and sway the reflections of hair cell she is smiled ,she felt free. Sheela down inheritance and closed her eyes. She fell a sleep dreaming of nature.**

**The next day she work up to a new world. A world where so many things to learn from. Evolved where she could communication with plants and animals. A world where she would shape shift into any form she desired. A word where she could create life, beauty and world where she was happy.**

**She was no longer a human girl. She was a paper girl, a girl made of paper cutting of nature. Hey girl who always collected paper cuttings of extinctions of species. A girl who slowly blended with nature. A girl who natured the nature.**

**ALEENA THOMAS**

**+2 science**

# കുരുന്നുകലകൾ











